Draft #1 of File 99878/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 09-Aug-2021 01:27 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല**

99878/AC A1-2/2021/AC A 1

09.08.2021

## പരിപത്രം

| | |
|---|---|
| വിഷയം :- | സ്ത്രീധന/ ഗാർഹിക പീഡനങ്ങൾ സമൂഹത്തിൽ നിന്നും ഉൻമൂലനം ചെയ്യുന്നതിനായി, വിവിധ മേഖലകളിൽ വ്യാപകമായ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി , വനിതാ ശിശു ക്ഷേമ വകുപ്പ് സംഘടിപ്പിക്കുന്ന **ഏകദിന ജൻഡർ അവബോധന പരിപാടി -** നിർദേശം നൽകുന്നത് സംബന്ധിച്ച്:- |

സൂചന : വനിതാ ശിശു ക്ഷേമ വകുപ്പ് ഡയറക്ടറുടെ കത്ത് നമ്പർ MSK-9477/21 തീയതി 14.07.2021

സ്ത്രീധന/ ഗാർഹിക പീഡനങ്ങൾ സമൂഹത്തിൽ നിന്നും ഉൻമൂലനം ചെയ്യുന്നതിനായി, വിവിധ മേഖലകളിൽ വ്യാപകമായ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി , വനിതാ ശിശു ക്ഷേമ വകുപ്പ് സംഘടിപ്പിക്കുന്ന ഏകദിന ജൻഡർ അവബോധന പരിപാടി സംബന്ധിച്ചുള്ള നിർദേശം സൂചന കത്ത് പ്രകാരം സർവ്വകലാശാലയിൽ ലഭിച്ചിരിക്കുന്നു. പ്രസ്തുത പരിപാടിയിലേയ്ക്ക് എല്ലാ അഫിലിയേറ്റഡ് കോളേജുകളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ഉള്ളടക്കം : മേൽ സൂചന കത്തിന്റെ പകർപ്പ്

**കാഞ്ചന എൻ നായർ**

**അസിസ്റ്റന്റ് രജിസ്ട്രാർ I ( അക്കാദമിക്)**

**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്

1.സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകൾ

2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3.രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

4.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )

5.പി.ആർ.ഒ.

6.ഐ.ക്യൂ.എ .സി / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / യൂണിവേഴ്സിറ്റി വെബ്സൈറ്റ്

7.എസി.എ 1 / എസി എ 7/ എസി ബി.7/ എസി എ4

8.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 99878/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 09-Aug-2021 01:27 PM - Page 2

അനുപമ റ്റി. വി. ഐ. എ. എസ്.
ഡയറക്ടർ

VCS ....703....
Date ....23/7/2021....

വനിതാ ശിശു വികസന വകുപ്പ്
പൂജപ്പുര, തിരുവനന്തപുരം
ഫോൺ { ഓഫീസ് : 0471-2346538
0471-2346534
0471-2346508
മൊബൈൽ : 8078071070 }
മെയിൽ : dirwcdkerala@gmail.com

തീയതി

അർദ്ധ ഔദ്യോഗിക കത്ത് നമ്പർ MSK-9477/21 തീയതി:14-07-2021

പ്രിയപ്പെട്ട മാഡം/സർ,

സ്ത്രീകൾ നൂറ്റാണ്ടുകളായി അടിച്ചമർത്തലുകൾ അനുഭവിക്കുന്നവരും അതിൽ ബഹുഭൂരിപക്ഷം പേരും അത് തിരിച്ചറിയാനാകാതെ ജീവിത സാഹചര്യങ്ങളെ അംഗീകരിച്ച് ജീവിക്കുന്നവരുമാണ്. സ്ത്രീധന പീഡനങ്ങളും ഗാർഹിക പീഡനങ്ങളും ഉൾപ്പെടെ സ്ത്രീകൾക്ക് നേരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ എല്ലാം ഇത്തരത്തിൽ നിലനിന്നു പോകുന്ന അസമത്വത്തിലൂന്നിയ അസന്തുലിതമായ സാമൂഹിക വ്യവസ്ഥിതിയുടെ പരിണിത ഫലങ്ങളാണ്. വിവിധ മേഖലകളിലായി വ്യാപകമായ അവബോധം സൃഷ്ടിക്കുന്നതിലൂടെ മാത്രമേ ഇത്തരം അതിക്രമങ്ങൾ സമൂഹത്തിൽ നിന്നും ഉൻമൂലനം ചെയ്യാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള കരിക്കുലത്തിൽ നിലനില്ക്കുന്ന ജണ്ടർ അവബോധങ്ങൾ പുനഃപരിശോധിക്കപ്പെടാനും ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുമായി സർക്കാരിന് ശുപാർശ നല്കിയിട്ടുണ്ട്. ആതിലേയ്ക്കായി കാലതാമസം നേരിടുമെന്നതുകൊണ്ട് അടിയന്തിരമായി സംസ്ഥാനത്തെ എല്ലാ കോളേജുകളിലും ജൻഡർ അവബോധന പരിപാടികൾ സംഘടിപ്പിക്കേണ്ടത് അനിവാര്യവും അത്യന്തം കാലിക പ്രസക്തിയേറിയതുമാണ്. വനിത ശിശു വികസന വകുപ്പ് സംസ്ഥാനത്തെ എല്ലാ കോളേജുകളിലും ഏകദിന ജൻഡർ അവബോധന പരിപാടി നടത്താൻ തീരുമാനിച്ചിരിക്കുന്നു. Gender Relationship, Gender Law എന്നിങ്ങനെ രണ്ട് ട്രെയിനിംഗ് മൊഡ്യൂളുകളിലായിട്ടാണ് ട്രെയിനിംഗ് നല്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇതിലേയ്ക്കായി ജില്ലാതലത്തിൽ റിസോഴ്സ്പേഴ്സൺമാരെ തെരഞ്ഞെടുത്ത് സംസ്ഥാനതലത്തിൽ ട്രെയിനിംഗ് നല്കിയിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാ വനിത ശിശു വികസന ഓഫീസിൽ പ്രവർത്തിക്കുന്ന MSK (Mahila Sakti Kendra) ടീം മുഖേന സംഘടിപ്പിക്കുന്ന എല്ലാ കോളേജുകളുടെയും ലിസ്റ്റ് ശേഖരിച്ചിട്ടുണ്ട്. അതിൻ പ്രകാരം MSK ടീം അംഗങ്ങൾ എല്ലാ കോളേജുകളിലെയും NSS, NCC ഭാരവാഹികളുമായി ബന്ധപ്പെട്ട് ഓരോ കോളേജിലും പ്രസ്തുത

പരിപാടി നടപ്പാക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ നടത്തിവരുന്നു. പ്രസ്തുത പരിപാടി സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും മുഴുവൻ വിദ്യാർത്ഥികളിലും ലഭ്യമാക്കുന്നതിന് താങ്കളുടെ വകുപ്പിന്റെ സഹകരണം ആവശ്യമാണ്. ആയതിലേയ്ക്കാവശ്യമായ നിർദ്ദേശം എല്ലാ കോളേജുകളിലേയും പ്രിൻസിപ്പാൾമാർക്ക് നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആത്മാർത്ഥതയോടെ

വൈസ്ചാൻസലർ,
മഹാത്മാഗാന്ധി സർവ്വകലാശാല.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 36608/AC A1-1/2021/AC A 1 Approved by ASSIST...